**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1997** **03-03-2025-ൽ മറുപടിയ്ക്ക്**

**<u>സ്റ്റാർട്ടപ്പ് ജിനോം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സ്റ്റാർട്ടപ്പ് ജിനോം എന്ന സ്ഥാപനത്തിന്റെ പ്രതിനിധികൾ സ്റ്റാർട്ടപ്പ് മിഷൻ അല്ലെങ്കിൽ സർക്കാർ പ്രതിനിധികളുമായി ചർച്ച ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നാണ് ചർച്ച നടത്തിയതെന്നും ആരൊക്കെ ചർച്ചയിൽ പങ്കെടുത്തുയെന്നുമുള്ള വിശദാംശം നൽകാമോ;

**<u>മറുപടി:</u>** കേരള സ്റ്റാർട്ടപ്പ് മിഷനും, സ്റ്റാർട്ടപ്പ് ജിനോം എന്ന സ്ഥാപനവും തമ്മിൽ നേരിട്ട് ചർച്ചകൾ ഒന്നും നടത്തിയിട്ടില്ല. ലോകത്തെ മുൻനിര ഇന്നൊവേഷൻ ഇക്കോസിസ്റ്റം ഡെവലപ്മെന്റ് ഓർഗനൈസേഷനായ സ്റ്റാർട്ടപ്പ് ജിനോം എല്ലാ വർഷവും വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് എക്കോസിസ്റ്റത്തിന്റെ ഉന്നമനത്തിനായി സംഘടിപ്പിക്കാറുള്ള യോഗങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ പങ്കെടുക്കുകയും കേരള മാതൃക ലോക രാജ്യങ്ങളുമായി പങ്കുവെക്കുകയും ചെയ്യാറുണ്ട്.

സ്റ്റാർട്ടപ്പ് ജിനോമിൽ അംഗത്വം എടുക്കുന്നതിന്റെ ഭാഗമായി 2020 സെപ്റ്റംബറിൽ നടന്ന ഓൺലൈൻ ഇവാലുവേഷൻ മീറ്റിംഗിലും, 2023, ഏപ്രിൽ 25 ന് സ്റ്റാർട്ടപ്പ് ജിനോം നടത്തിയ ഓൺലൈൻ മീറ്റിംഗിലും കേരള സ്റ്റാർട്ടപ്പ് മിഷനെ പ്രതിനിധീകരിച്ച് ശ്രീ. അശോക് കുര്യൻ പഞ്ഞിക്കാരനും (സീനിയർ മാനേജർ, ബിസിനസ്സ് ഡവലപ്മെന്റ്),ശ്രീ. വരുൺ. ജി (ടെക്നിക്കൽ ഓഫീസർ) യും പങ്കെടുത്തു. ഇതിനു പുറമേ, ദുബായിൽ സംഘടിപ്പിച്ച ജൈറ്റക്സ് 2024 ന്റെ ഭാഗമായി 2024 ഒക്ടോബർ 15 ന് സ്റ്റാർട്ടപ്പ് ജിനോം സംഘടിപ്പിച്ച യോഗത്തിലും കേരള സ്റ്റാർട്ടപ്പ് മിഷനെ പ്രതിനിധീകരിച്ച് ശ്രീ. അശോക് കുര്യൻ പഞ്ഞിക്കാരൻ (സീനിയർ മാനേജർ, ബിസിനസ്സ് ഡവലപ്മെന്റ്) പങ്കെടുത്തു.

**(ബി)** പ്രസ്തുത കമ്പനിയുടെ 2024-ലെ റിപ്പോർട്ടിൽ കേരളത്തിന്റെ സ്റ്റാർട്ടപ്പിലെ മൂല്യം 1.7 ബില്യൺ യു. എസ്. ഡോളർ എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതിൽ ഓപ്പൺ മണി എന്ന യുണികോണിന്റെ സംഭാവന എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. സ്റ്റാർട്ടപ്പ് ജീനോം സെക്കന്ററി ഡാറ്റയുടെ അടിസ്ഥാനത്തിൽ ആണ് റിപ്പോർട്ട് പ്രസിദ്ധികരിക്കാറുള്ളത്. അതിനാൽ ഇതിൽ ഓപ്പൺ മണി എന്ന യൂണിക്കോണിന്റെ സംഭാവന എത്രയാണെന്ന വിവരം വ്യക്തമല്ല.

**സെക്ഷൻ ഓഫീസർ**